**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3830** **03-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ കെ-ഫോൺ പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനോടകം കെ-ഫോൺ പദ്ധതിയിലൂടെ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 26,288 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും നിലവിൽ അതിൽ 13,424 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്; 282 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും നിലവിൽ 81 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്വകാര്യ പ്രാദേശിക കേബിൾ നെറ്റ്‌വർക്ക് സംവിധാനത്തിലൂടെയാണോ സംസ്ഥാനത്തെ വീടുകളിൽ കെ-ഫോൺ കണക്ഷൻ എത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ആദ്യ ഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിലേയും സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന 100 കുടുംബങ്ങൾക്കുവീതം കേരളമൊട്ടാകെ ആകെ 14000 വീടുകളിൽ സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ഒരു വർഷത്തേക്ക് ലഭ്യമാക്കുവാൻ ടെൻഡർ പ്രക്രിയയിലൂടെ സ്വകാര്യ പ്രാദേശിക കേബിൾ ഓപ്പറേറ്ററെ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഓപ്പറേറ്റർ കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രെസെൻസിൽ നിന്നും വീടുകളിലേക്കുള്ള ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കും. കെ-ഫോണിന്റെ അടിസ്ഥാനസൗകര്യം ബാൻഡ് വിഡ്ത്തും ഉപയോഗിച്ചാണ് ഇന്റർനെറ്റ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ